## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4261 — 13/12/2018-ൽ മറുപടിക്ക്

## തഴക്കര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ആർ. രാജേഷ് | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | മാവേലിക്കര നിയോജക മണ്ഡലത്തിൽ വൈദ്യുതി ഉപഭോക്താക്കൾ കൂടുതൽ ആണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | മാവേലിക്കര നിയോജക മണ്ഡലത്തിലെ മാവേലിക്കര സെക്ഷനു കീഴിൽ ഉപഭോക്താക്കൾ താരതമ്യേന കൂടുതൽ ആണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ് ഇക്കാര്യങ്ങൾ കണക്കിലെടുത്ത് മാവേലിക്കര നിയോജക മണ്ഡലത്തിൽ തഴക്കര കേന്ദ്രമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത സാഹചര്യത്തിൽ തഴക്കര കേന്ദ്രീകരിച്ച ഒരു കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | | |
| (സി) | മാവേലിക്കര വൈദ്യുതി ഡിവിഷൻ ആഫിസിനു കീഴിലുള്ള സെക്ഷനുകളിലെ ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ? | (സി) | മാവേലിക്കര ഡിവിഷനു കീഴിൽ വരുന്ന സെക്ഷനുകളിലെ ഉപഭോക്താക്കളുടെ എണ്ണം താഴെ പറയും പ്രകാരം ആണ് |

(...2)

| | | | |
|---|---|---|---|
| | | | മാവേലിക്കര - 23810<br>തട്ടാരമ്പലം - 14660<br>കറ്റാനം - 16576<br>ചാരുമ്മൂട് - 19100<br>വള്ളികുന്നം - 12008<br>നൂറനാട് - 17323 |

സെക്ഷൻ ഓഫീസർ